വീണ്ടും

ദിനംപ്രതി വളരുന്ന റീട്ടെയിൽ ഔട്ട്ലെറ്റുകൾ തകർത്തത് കേരളത്തിലെ ഇടത്തരക്കാരുടെ സാമ്പത്തിക ഭദ്രതയാണെന്ന് വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു

# ബഹുരാഷ്ട്ര വിൽപനശാലകൾ ഇടത്തരക്കാരെ തകർക്കുന്നു

കെ.ആർ ഹരി

ബഹുരാഷ്ട്ര കുത്തകകൾ നടത്തുന്ന ചില്ലറവിൽപ്പനശാലകളുടെ അതിപ്രസരം രാജ്യത്തെ പ്രത്യേകിച്ചും കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങളുടെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. ദിനംപ്രതി വളരുന്ന റീട്ടെയിൽ ഔട്ട്ലെറ്റുകൾ തകർത്തത് കേരളത്തിലെ ഇടത്തരക്കാരുടെ സാമ്പത്തിക ഭദ്രതയെന്ന് വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

റിലയൻസിന്റെ ഫ്രഷ്, ടാറ്റയുടെ മോർ, പാന്തലൂൺസിന്റെ ഇന്ത്യൻ പതിപ്പായ ഭാരതി പാന്തലൂൺസ്, ബിഗ്ബസാർ, വാൾമാർട്ട് തുടങ്ങിയ കമ്പനികളാണ് സംസ്ഥാനത്തെ ചില്ലറ വിൽപ്പന മേഖലയിൽ പിടിമുറുക്കിയിട്ടുള്ളത്. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനങ്ങൾ പ്രകാരം 1000 രൂപ മാസവരുമാനമുള്ള ഒരു ഇടത്തരം കുടുംബത്തിന്റെ 659 രൂപയും ചെന്നെത്തുന്നത് ഇത്തരം ഔട്ട്ലെറ്റുകളിലാണ്. അതായത് ഒരു രൂപയിൽ 65.9 പൈസയും എത്തുന്നത് ഈ റീട്ടെയിൽ കുത്തകകളുടെ കൈകളിൽ. സംസ്ഥാന ജനസംഖ്യയുടെ 59 ശതമാനവും നിത്യോപയോഗ സാധനങ്ങൾക്ക് മുഖ്യമായും ആശ്രയിക്കുന്നത് ഇത്തരം റീട്ടെയിൽ ഔട്ട്ലെറ്റുകളെയാണ്. ഇതിനെത്തുടർന്നാണ് സംസ്ഥാനത്തിന്റെ സ്വന്തം പൊതുവിതരണ സംമ്പ്രദായമായ സപ്ലൈകോയാണ്. സപ്ലൈകോ, കൺസ്യൂമർഫെഡ് പോലുള്ള സർക്കാർ സംരംഭങ്ങളും ഔട്ട്ലെറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി കുത്തകകളുടെ കടന്നുകയറ്റത്തെ ചെറുക്കാൻ ശ്രമം നടത്തി. ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസിലെ വിദ്യാർത്ഥികൾ അടുത്തിടെ നടത്തിയ പഠനം പറയുന്നത് മൾട്ടിനാഷണൽ ഔട്ട്ലെറ്റുകളിൽ നിന്ന് ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയിരുന്നവരിൽ 39 ശതമാനം പേരും സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സർക്കാർ നിയന്ത്രിത കടകളിലേക്ക് മാറിയെന്നാണ്.

അസംഘടിത മേഖലയിലെ കർഷകർ, തൊഴിലാളികൾ, ചെറുകിട ഉൽപ്പാദകർ തുടങ്ങിയവരെയും സഹകരണ സ്ഥാപനങ്ങളെയുമാണ് റീട്ടെയിൽ ഔട്ട്ലെറ്റുകളുടെ അതിപ്രസരം പ്രതികൂലമായി ബാധിച്ചത്. ബഹുരാഷ്ട്ര കുത്തകകളുടെ വിൽപ്പനശാലകളുടെ അതിപ്രസരം തടയാനുള്ള മാർഗങ്ങൾ രൂപപ്പെടുത്താൻ കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഇനിയും നടപടികളുണ്ടായിട്ടില്ല. ചൈനയുൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇത്തരം ഔട്ട്ലെറ്റുകളുടെ പ്രവർത്തനം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാണ്. ഡിസ്കൗണ്ട് ഉൾപ്പെടെയുള്ള തട്ടിപ്പുകൾ നിയമം മൂലം നിരോധിച്ചിട്ടുമുണ്ട്. എന്നാൽ ഇന്ത്യയിൽ ഇത്തരത്തിലുള്ള നിയന്ത്രണങ്ങളില്ല. അതുകൊണ്ടു തന്നെ റീട്ടെയിൽ ഭീമന്മാരുടെ കമ്പോള സ്വർഗമായി കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഇന്ത്യ മാറിയെന്ന് അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ എ.ടി. കെർനി മാർക്കറ്റ് റിസർച്ച് ഇൻഡക്സ് എന്ന പഠനത്തിൽ ചൂണ്ടിക്കാട്ടുന്നു.

പച്ചക്കറികൾ, പലചരക്ക് സാധനങ്ങൾ തുടങ്ങിയ ഭക്ഷ്യസാധനങ്ങൾ മാത്രമല്ല റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഗിഫ്റ്റ് ആർട്ടിക്കൾസ് തുടങ്ങിയവയും ഇത്തരം റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്. റീട്ടെയിൽ ഭീമന്മാരുടെ കടന്നുകയറ്റം പ്രതികൂലമായി ബാധിച്ച മറ്റൊരു മേഖലയാണ് വസ്ത്ര നിർമ്മാണ രംഗമെന്നും കെർനി അഭിപ്രായപ്പെടുന്നു.

പ്രമുഖ വസ്ത്ര നിർമ്മാണ കമ്പനിയായ, മുംബൈയിലെ കെ.ആർ. അപ്പാരൽസ് നടത്തിയ മാർക്കറ്റ് സർവേയിൽ കേരളത്തിലെ 79 ശതമാനവും റെഡിമെയ്ഡ് വസ്ത്രങ്ങളോടാണ് പ്രതിപത്തി പ്രകടിപ്പിച്ചിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടുന്നു. ഇതിൽ കൂടുതലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലുള്ളവരാണ്. സർവ്വേ പ്രകാരം തിരുവനന്തപുരം ജില്ലയിൽ 64 ശതമാനം പേരാണ് റെഡിമെയ്ഡ് വസ്ത്രങ്ങളോട് താൽപ്പര്യം പ്രകടിപ്പിക്കുന്നത്. കൊച്ചിയിൽ ഇത് 69 ശതമാനവും കോഴിക്കോട് 61 ശതമാനവുമാണ്. 19നും 33 വയസിനും ഇടയിലുള്ള യുവാക്കളാണ് മേൽപ്പറഞ്ഞ വിഭാഗത്തിൽ കൂടുതലും. തമിഴ്നാട്ടിൽ റെഡിമെയ്ഡ് വസ്ത്രങ്ങളോട് ആഭിമുഖ്യം പുലർത്തുന്നവർ 23 ശതമാനം മാത്രമാണ്. പാശ്ചാത്യ ജീവിതശൈലികളുടെ അനാരോഗ്യകരമായ അനുകരണമാണ് ഇതിന്റെ അളവ് കേരളത്തിൽ കൂട്ടാനുള്ള കാരണമായി കെർനി ചൂണ്ടിക്കാട്ടുന്നത്.

(ജനയുഗം, 2010 ജനുവരി 10)